**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4566** **10-08-2021 - ൽ മറുപടിയ്ക്ക്**

**ശ്രവണ വൈകല്യമുള്ള കുട്ടികൾക്ക് ചികിത്സാസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ ആൻസലൻ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീമതി ദെലീമ** | | **Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ശ്രവണ വൈകല്യം ബാല്യത്തിൽ തന്നെ കണ്ടെത്തി ഫലപ്രദമായ ചികിത്സ നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദമാക്കാമോ; | (എ) | വിശദാംശം അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | എങ്കിൽ പ്രസ്തുത ചികിത്സയ്ക്കായി കുട്ടികളെ തെരഞ്ഞെടുക്കുന്ന പ്രക്രിയ വിശദമാക്കാമോ; | (ബി) | വിശദാംശം അനുബന്ധം ആയി ചേർക്കുന്നു. |
| (സി) | കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി കഴിഞ്ഞ കുട്ടികൾക്ക് സർജറിക്കുശേഷം എന്തെല്ലാം സഹായങ്ങൾ ലഭ്യമാക്കുന്നുണ്ട്; വ്യക്തമാക്കാമോ; | (സി) | 1. ധ്വനി പദ്ധതി പ്രകാരം ശ്രുതിതരംഗം പദ്ധതി ആരംഭിക്കുന്നതിനു മുൻപ് സ്വന്തം ചെലവിൽ കോക്ലിയാർ ഇംപ്ലാൻറേഷൻ ശസ്ത്രക്രിയ പൂർത്തീകരിച്ച കുട്ടികൾക്ക് സ്പീച്ച് പ്രോസസർ അപ്ഗ്രേഡ് ചെയ്തു നൽകുന്നു. 2. കോക്ലിയാർ ഇംപ്ലാൻറേഷൻ ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങൾ മനദണ്ഡങ്ങൾക്ക് വിധേയമായി മെയിൻറനൻസ് ചെയ്തു നൽകുന്നു. |
| (ഡി) | സർജറി കഴിഞ്ഞ കുട്ടികൾക്ക് ആഡിയോ വെർബൽ ഹാബിലിറ്റേഷന് സഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദാംശം നല്കാമോ? | (ഡി) | സർജറി കഴിഞ്ഞ കുട്ടികൾക്ക് തുടർന്ന് രണ്ട് വർഷക്കാലം ആഡിറ്ററി വെർബൽ ഹബിലിറ്റേഷനുള്ള സൗകര്യങ്ങൾ അതാത് എംപാനൽ ചെയ്യപ്പെട്ട ആശുപത്രികളിൽ ഒരുക്കിയിട്ടുണ്ട്. എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള സർക്കാർ ആശുപത്രികളിൽ കുട്ടികൾക്ക് ആഡിറ്ററി വെർബൽ ഹബിലിറ്റേഷനായി സ്പീച്ച് തെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമാക്കുകയും മറ്റ് എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള പ്രൈവറ്റ് ആശുപത്രികളിൽ ആഡിറ്ററി വെർബൽ ഹബിലിറ്റേഷനായി 50,000/- രൂപ നാലു ഗഡുക്കളായി അനുവദിക്കുകയും ചെയ്യുന്നുണ്ട്. എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള ആശുപത്രികൾ കൂടാതെ തിരുവനന്തപുരം നിഷ്, തൃശ്ശൂർ നിപ്മർ എന്നിവിടങ്ങളിലൂടെയും കുട്ടികൾക്ക് ആഡിറ്ററി വെർബൽ ഹബിലിറ്റേഷൻ നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | കാതോരം പദ്ധതിയിലൂടെ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻറ് റിഹാബിലിറ്റേഷനിലും, കോഴിക്കോട് മെഡിക്കൽ കോളേജിലെ ഇ.എൻ.റ്റി ഡിപ്പാർട്ട്മെൻറിലും ആധുനിക സംവിധാനങ്ങളോട്ടു കൂടിയ ഓഡിറ്ററി വെർബൽ തെറാപ്പി സെൻററുകൾ സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഓഡിയോ വെർബൽ തെറാപ്പി സെൻററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## ശ്രവണവൈകല്യം പരിഹരിയ്ക്കുന്നതിനുള്ള വിവിധ പദ്ധതികൾ

**1. കാതോരം** :- കേൾവി വൈകല്യം എത്രയും നേരത്തെ കണ്ടെത്തി ആവശ്യമായ ഇടപെടലുകളിലൂടെ പരിഹരിക്കുന്നതിനായുള്ള പദ്ധതി. ടി പദ്ധതിയിലൂടെ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

a. യൂണിവേഴ്സൽ ഹിയറിംഗ് സ്ക്രീനിംഗ് – ഒരു കുഞ്ഞ് ജനിച്ചയുടൻ തന്നെ കേൾവി പരിശോധന നടത്തുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്നതിനുള്ള പദ്ധതി.

b) BERA സംവിധാനം – കേൾവി പ്രശ്നമുള്ള കുട്ടികൾക്ക് വിദഗ്ധ പരിശോധനയിലൂടെ കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള സംവിധാനം. ഈ സംവിധാനം National Programme for Prevention and Control of Deafness ന്റെ 14 ജില്ലാ കേന്ദ്രങ്ങളിലും ലഭ്യമാക്കിയിട്ടുണ്ട്.

c) ആഡിറ്ററി വെർബൽ തെറാപ്പി സെന്റർ – കേൾവി പ്രശ്നം സ്ഥിരീകരിക്കുന്നവർക്കും കോക്ലിയാർ ഇംപ്ലാന്റ് സർജറി കഴിഞ്ഞവർക്ക് സംസാര ഭാഷാ കഴിവുകൾ ലഭ്യമാക്കുന്നതിനുള്ള കേന്ദ്രങ്ങളാണ് ഓഡിയോ വെർബൽ തെറാപ്പി സെന്റർ. ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിലും, കോഴിക്കോട് മെഡിക്കൽ കോളേജിലെ ഇ.എൻ.ടി. ഡിപ്പാർട്ട്മെന്റിലും ആധുനിക സംവിധാനങ്ങളോടു കൂടിയ ഈ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഓഡിയോ വെർബൽ തെറാപ്പി സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

**2. ശ്രുതിതരംഗം:-** സംസ്ഥാനത്തെ 5 വയസ്സു വരെ പ്രായമുള്ള ശ്രവണ വൈകല്യമുള്ള കുട്ടികളെ കണ്ടെത്തി കോക്ലിയാർ ഇംപ്ലാൻറേഷൻ ശസ്ത്രക്രിയ നടത്തി നൽകുന്ന പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്നുണ്ട്. സംസ്ഥാനത്തെ ജന്മനാ കേൾവിക്കുറവുള്ള കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാൻറേഷൻ സർജറി നടത്തി രണ്ട് വർഷം നീണ്ടു നിൽക്കുന്ന ആഡിറ്ററി വെർബൽ ഹാബിലിറ്റേഷനിലൂടെ കുട്ടികളുടെ ശ്രവണശേഷിയും സംസാരശേഷിയും വീണ്ടെടുക്കുകയെന്നതാണ് ശ്രുതിതരംഗം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം

### പദ്ധതി മാനദണ്ഡം.

1. 0-3 വയസ്സുവരെയുള്ള കുട്ടികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ രംഗത്തെ വിദഗ്ധരടങ്ങിയ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റിയുടെ പരിശോധനയിൽ സർജറി ചെയ്താൽ ഗുണകരമാകുമെന്ന് വിലയിരുത്തുന്ന പരമാവധി 5 വയസ്സുവരെയുള്ള കുട്ടികൾക്കും പദ്ധതി ആനുകൂല്യം അനുവദിക്കുന്നു.

2. കുടുംബത്തിന്റെ വാർഷിക വരുമാനം 2 ലക്ഷം രൂപയ്ക്ക് താഴെയായിരിക്കണം.

3. കേരളത്തിലുള്ള കുട്ടികളായിരിക്കണം.

4. ശ്രുതിതരംഗം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളിലെ വിദഗ്ധർ കുട്ടികളെ കോക്ലിയാർ ഇംപ്ലാൻറേഷന്റെ ശുപാർശ ചെയ്തിട്ടുണ്ടായിരിക്കണം. കുട്ടിക്ക് കോക്ലിയാർ ഇംപ്ലാൻറേഷൻറെ വിജയത്തെ ബാധിക്കുന്ന വൈദ്യശാസ്ത്രപരമായ മറ്റ് പോരായ്മകൾ ഉണ്ടാകുവാൻ പാടുള്ളതല്ല.

5. കുട്ടിയുടെ രക്ഷിതാക്കൾ ഓപ്പറേഷന് ശേഷമുള്ള പരിചരണത്തിനും സ്പീച്ച് തെറാപ്പിക്കുമുള്ള പരിശീലനപരിപാടികളിൽ പങ്കെടുക്കാനും രണ്ട് വർഷം നീണ്ടു നിൽക്കുന്ന തുടർ ചികിത്സയായ ആഡിറ്ററി വെർബൽ ഹബിലിറ്റേഷൻ നൽകാനും സന്നദ്ധതയുള്ളവരായിരിക്കണം.

6. ശ്രുതിതരംഗം പദ്ധതിയെപ്പറ്റി മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ചുള്ള സത്യവാങ്മൂലം 200 രൂപ മുദ്രപത്രത്തിൽ ഒപ്പിട്ട് നൽകണം.

മേൽ പറഞ്ഞ പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം ലഭിക്കുന്ന അപേക്ഷകൾ സംസ്ഥാനതലത്തിൽ രൂപീകരിച്ചിട്ടുള്ള സ്റ്റേറ്റ് ലെവൽ ടെക്ക്നിക്കൽ കമ്മിറ്റി പരിശോധിച്ച് അർഹരായ കുട്ടികളെ മാനദണ്ഡങ്ങൾ പ്രകാരം തിരഞ്ഞെടുത്ത് എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികൾ മുഖേന കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തി നൽകുന്നു.

# അനുബന്ധം

## ശ്രവണവൈകല്യം പരിഹരിയ്ക്കുന്നതിനുള്ള വിവിധ പദ്ധതികൾ

**1. കാതോരം** :- കേൾവി വൈകല്യം എത്രയും നേരത്തെ കണ്ടെത്തി ആവശ്യമായ ഇടപെടലുകളിലൂടെ പരിഹരിക്കുന്നതിനായുള്ള പദ്ധതി. ടി പദ്ധതിയിലൂടെ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

a. യൂണിവേഴ്സൽ ഹിയറിംഗ് സ്ക്രീനിംഗ് – ഒരു കുഞ്ഞ് ജനിച്ചയുടൻ തന്നെ കേൾവി പരിശോധന നടത്തുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്നതിനുള്ള പദ്ധതി.

b) BERA സംവിധാനം – കേൾവി പ്രശ്നമുള്ള കുട്ടികൾക്ക് വിദഗ്ധ പരിശോധനയിലൂടെ കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള സംവിധാനം. ഈ സംവിധാനം National Programme for Prevention and Control of Deafness ന്റെ 14 ജില്ലാ കേന്ദ്രങ്ങളിലും ലഭ്യമാക്കിയിട്ടുണ്ട്.

c) ആഡിറ്ററി വെർബൽ തെറാപ്പി സെന്റർ – കേൾവി പ്രശ്നം സ്ഥിരീകരിക്കുന്നവർക്കും കോക്ലിയാർ ഇംപ്ലാന്റ് സർജറി കഴിഞ്ഞവർക്ക് സംസാര ഭാഷാ കഴിവുകൾ ലഭ്യമാക്കുന്നതിനുള്ള കേന്ദ്രങ്ങളാണ് ഓഡിയോ വെർബൽ തെറാപ്പി സെന്റർ. ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിലും, കോഴിക്കോട് മെഡിക്കൽ കോളേജിലെ ഇ.എൻ.ടി. ഡിപ്പാർട്ട്മെന്റിലും ആധുനിക സംവിധാനങ്ങളോടു കൂടിയ ഈ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഓഡിയോ വെർബൽ തെറാപ്പി സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

**2. ശ്രുതിതരംഗം:-** സംസ്ഥാനത്തെ 5 വയസ്സു വരെ പ്രായമുള്ള ശ്രവണ വൈകല്യമുള്ള കുട്ടികളെ കണ്ടെത്തി കോക്ലിയാർ ഇംപ്ലാൻറേഷൻ ശസ്ത്രക്രിയ നടത്തി നൽകുന്ന പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്നുണ്ട്. സംസ്ഥാനത്തെ ജന്മനാ കേൾവിക്കുറവുള്ള കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാൻറേഷൻ സർജറി നടത്തി രണ്ട് വർഷം നീണ്ടു നിൽക്കുന്ന ആഡിറ്ററി വെർബൽ ഹാബിലിറ്റേഷനിലൂടെ കുട്ടികളുടെ ശ്രവണശേഷിയും സംസാരശേഷിയും വീണ്ടെടുക്കുകയെന്നതാണ് ശ്രുതിതരംഗം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം

## പദ്ധതി മാനദണ്ഡം.

1. 0-3 വയസ്സുവരെയുള്ള കുട്ടികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ രംഗത്തെ വിദഗ്ധരടങ്ങിയ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റിയുടെ പരിശോധനയിൽ സർജറി ചെയ്താൽ ഗുണകരമാകുമെന്ന് വിലയിരുത്തുന്ന പരമാവധി 5 വയസ്സുവരെയുള്ള കുട്ടികൾക്കും പദ്ധതി ആനുകൂല്യം അനുവദിക്കുന്നു.

2. കുടുംബത്തിന്റെ വാർഷിക വരുമാനം 2 ലക്ഷം രൂപയ്ക്ക് താഴെയായിരിക്കണം.

3. കേരളത്തിലുള്ള കുട്ടികളായിരിക്കണം.

4. ശ്രുതിതരംഗം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളിലെ വിദഗ്ധർ കുട്ടികളെ കോക്ലിയാർ ഇംപ്ലാൻറേഷന്റെ ശുപാർശ ചെയ്തിട്ടുണ്ടായിരിക്കണം. കുട്ടിക്ക് കോക്ലിയാർ ഇംപ്ലാൻറേഷൻറെ വിജയത്തെ ബാധിക്കുന്ന വൈദ്യശാസ്ത്രപരമായ മറ്റ് പോരായ്മകൾ ഉണ്ടാകുവാൻ പാടുള്ളതല്ല.

5. കുട്ടിയുടെ രക്ഷിതാക്കൾ ഓപ്പറേഷന് ശേഷമുള്ള പരിചരണത്തിനും സ്പീച്ച് തെറാപ്പിക്കുമുള്ള പരിശീലനപരിപാടികളിൽ പങ്കെടുക്കാനും രണ്ട് വർഷം നീണ്ടു നിൽക്കുന്ന തുടർ ചികിത്സയായ ആഡിറ്ററി വെർബൽ ഹബിലിറ്റേഷൻ നൽകാനും സന്നദ്ധതയുള്ളവരായിരിക്കണം.

6. ശ്രുതിതരംഗം പദ്ധതിയെപ്പറ്റി മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ചുള്ള സത്യവാങ്മൂലം 200 രൂപ മുദ്രപത്രത്തിൽ ഒപ്പിട്ട് നൽകണം.

മേൽ പറഞ്ഞ പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം ലഭിക്കുന്ന അപേക്ഷകൾ സംസ്ഥാനതലത്തിൽ രൂപീകരിച്ചിട്ടുള്ള സ്റ്റേറ്റ് ലെവൽ ടെക്ക്നിക്കൽ കമ്മിറ്റി പരിശോധിച്ച് അർഹരായ കുട്ടികളെ മാനദണ്ഡങ്ങൾ പ്രകാരം തിരഞ്ഞെടുത്ത് എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികൾ മുഖേന കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തി നൽകുന്നു.